"ഭരണഭാഷ-മാതൃഭാഷ"

**കേരള സർക്കാർ**
**ധനകാര്യ (വ്യയം- എ) വകുപ്പ്**

## സർക്കുലർ

**നം.36/2024/ധന** **തിരുവനന്തപുരം, തീയതി : 14.06.2024**

വിഷയം:- ധനകാര്യ വകുപ്പ്-വിവിധ വകുപ്പുകളിലെ തസ്തികകളുടെ Cadre Strength, SPARK-ൽ update ചെയ്യുന്നത് സംബന്ധിച്ച് തുടർ നിർദ്ദേശങ്ങൾ - പുറപ്പെടുവിക്കുന്നു.

സൂചന:- 1. സ.ഉ.(അ) നം.117/2022/ധന തീയതി, 29/09/2022.
2. സർക്കുലർ നം.80/2023/ധന തീയതി, 14/08/2023.

സർക്കാർ അംഗീകാരം നൽകിയിട്ടില്ലാത്ത തസ്തികകൾക്ക് സ്പാർക്കിൽ നിന്നും ശമ്പളം മാറാൻ കഴിയാത്ത രീതിയിൽ സ്പാർക്ക് സോഫ്റ്റ് വെയറിൽ മാറ്റങ്ങൾ കൊണ്ടുവരുന്നതിന് സൂചന 1 പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. സൂചന ഉത്തരവിലെ നിർദ്ദേശങ്ങൾ നടപ്പിലാക്കുന്നതിന് സ്പാർക്ക് സോഫ്റ്റ് വെയറിൽ മാറ്റങ്ങൾ വരുത്തുന്നതിനായി ഓരോ തസ്തികകളുടെയും കേഡർ സ്ട്രെങ്ത് സ്പാർക്കിൽ അപ്ഡേറ്റ് ചെയ്യേണ്ടതുണ്ട്. ഇത് സംബന്ധിച്ച് വകുപ്പ് മേധാവികൾക്ക് പല പ്രാവശ്യം നിർദ്ദേശങ്ങൾ നൽകുകയും 17.01.2023 തീയതിയിൽ എല്ലാ വകുപ്പുകളേയും പങ്കെടുപ്പിച്ച് യോഗം നടത്തുകയും 31.01.2023-ന് മുൻപായി എല്ലാ വകുപ്പുകളും കേഡർ സ്ട്രെങ്ത് അപ്ഡേറ്റ് ചെയ്യണം എന്ന അറിയിപ്പ് നൽകുകയും ചെയ്തു. സൂചന 2 പ്രകാരം, SPARK PMU നിർദ്ദേശിച്ചിട്ടുള്ള രീതിയിൽ കേഡർ സ്ട്രെങ്ത് അപ്ഡേറ്റ് ചെയ്യുന്നതിനു വേണ്ടി എല്ലാ വകുപ്പുകൾക്കും **31.08.2023** വരെ സമയം നീട്ടി നൽകിയിരുന്നു. എന്നാൽ ചില വകുപ്പുകൾ ഇതുവരെ പ്രസ്തുത നിർദ്ദേശം പാലിച്ചതായി കാണുന്നില്ല. ഏകദേശം രണ്ട് വർഷം മുൻപ് ഇറക്കിയ ഉത്തരവിലെ വ്യവസ്ഥകൾ പൂർണ്ണമായി നടപ്പിലാക്കുവാൻ കാലതാമസം വരുന്നത് സർക്കാർ ഗൗരവത്തോടെ കാണുന്നു. ആയതിനാൽ SPARK PMU നിർദ്ദേശിച്ചിട്ടുള്ള രീതിയിൽ കേഡർ സ്ട്രെങ്ത് അപ്ഡേറ്റ് ചെയ്യുന്നതിനു വേണ്ടി എല്ലാ വകുപ്പുകൾക്കും **31.07.2024** വരെ സമയം നൽകുന്നു. പുതിയ തസ്തികകൾ സൃഷ്ടിക്കപ്പെടുമ്പോൾ ഉചിത തലത്തിൽ ഉത്തരവ് പുറപ്പെടുവിച്ച് SPARK അപ്ഡേറ്റ് ചെയ്യാനും നടപടി സ്വീകരിക്കേണ്ടതാണ്.

**ഡോ.വേണു വി., ഐ.എ.എസ്.**
**ചീഫ് സെക്രട്ടറി**

പകർപ്പ്:
സെക്രട്ടേറിയറ്റിലെ എല്ലാ വകുപ്പുകൾക്കും
എല്ലാ വകുപ്പ് മേധാവികൾക്കും

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ